## Europe

## വാറിംഗ്ടണിൽ സീറോ മലബാർ ദിനാഘോഷം വർണാഭമായി; ലണ്ടനിൽ ശനിയാഴ്ച

Click to View News in Pictures

Back to NRI Home | Forward This News | Click here for detailed news of all items



ലണ്ടൻ: ലിവർപൂളിനു സമീപം വസിക്കുന്ന പ്രവാസി സഭാംഗങ്ങൾ വാറിംഗ്ടണിൽ സംഘടിപ്പിച്ച സീറോ മലബാർ സഭാ ദിനാഘോഷം വർണാഭമായി. തദ്ദേശീയരെയും കൂടെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സഭ ദിനാഘോഷത്തിൽ പ്രശസ്ത സംഗീതജ്ഞനും ഗവേഷകനുമായ റവ. ഡോ.ജോസഫ് പാലക്കൽ സിഎംഐ ഇംഗ്ലീഷ് ഭാഷയിൽ ആഘോഷമായ സീറോ മലബാർ പാട്ടു കുർബാന അർപ്പിച്ചു. ഇടവക വികാരി ഫാ. ക്രിസ്റ്റഫറും ഡീക്കനും സീറോ മലബാർ വൈദികരായ റോയി, സഖറിയാസ് കാഞ്ഞൂപറമ്പിൽ എന്നിവരോടൊപ്പം സഹകാർമ്മികരായി.

പുരാതന സുറിയാനി ഗീതമായ 'പുഖ്ദാനകോൻ' ആലപിച്ചു കൊണ്ടാണ് പരിശുദ്ധ കുർബാന ആരംഭിച്ചത്. 'പുഖ്ദാനകോൻ', 'കന്തീശാ ആലാഹാ' എന്നീ സുറിയാനി ഗീതങ്ങൾ ഇംഗ്ലീഷ് സമൂഹത്തെയും വളരെയധികം ആകർഷിച്ചു. നമ്മുടെ കർത്താവിന്റെ ഭാഷയിൽ ഈ ഗീതങ്ങൾ ആലപിക്കുവാൻ കഴിഞ്ഞതിൽ അഭിമാനകരമായി തോന്നുന്നതായി പങ്കെടുത്ത ചിലർ അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ് കമ്യൂണിറ്റിയുടെ ആരാധനയിലും ഈ സുറിയാനി ഗീതങ്ങൾ ഉൾപ്പെടുത്തുവാനുള്ള കാര്യങ്ങൾ ഗൗരവമായി ചിന്തിക്കുന്നു.

സീറോ മലബാർ സഭയുടെ സൂനഹദോസിന്റെ തീരുമാനപ്രകാരം ആദ്യ ഭാഗം ജനാഭിമുഖമായി അനാഫോറയും കുർബാന സ്വീകരണവും അൽത്താരാഭിമുഖമായും അവസാന ആശീർവാദം ജനാഭിമുഖമായും ആണ് ഇവിടെ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടത്. ഇംഗ്ലണ്ട് ആൻഡ് വെയിൽസിന്റെ കത്തോലിക്ക സഭാ തലവനും കർദിനാൾ വിൻസെന്റ് നിക്കൊൾസ് ഇംഗ്ലണ്ടിലും വെയിൽസിലും അർപ്പിക്കപ്പെടുന്ന സീറോ മലബാർ കുർബാനകൾ പരിശുദ്ധ സൂനഹദോസ് തീരുമാനപ്രകാരം മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. കുർബാനയെ തുടർന്നു നടന്ന സെമിനാറിൽ റവ. ഡോ. ജോസഫ് പാലക്കൽ ഏതാനും ഹ്യസ്വചിത്രങ്ങൾ പ്രദർശിപ്പിച്ചു.

കേരളത്തിലെ സുറിയാനി ഭാഷാപഠനത്തെക്കുറിച്ച് കാണിച്ച ചിത്രത്തിൽ എറണാകുളത്തെ പള്ളുരുത്തി പള്ളിയിലെ കുട്ടികളുടെ ഗായകസംഘം പാടിയ 'ബേദാദ് യൗമാൻ' എന്ന സുറിയാനി ഗീതവും എറണാകുളത്തെതന്നെ കടവന്ത്ര പള്ളിയിലെ സൺഡേ സ്കൂൾ കുട്ടികൾ വിശുദ്ധ കുർബാനയിൽ 'ലാ കുമാറാ' എന്ന സുറിയാനി ഗീതവും ഏവരെയും ആകർഷിച്ചു.

സീറോ മലബാർ സഭ ഇക്കാലത്തും ആരാധനയിൽ സുറിയാനി ഉൾപ്പെടുത്തുന്നതിനെയും പുതുതലമുറ സുറിയാനി ഭാഷ പഠിക്കാൻ താത്പര്യം കാണിക്കുന്നതിനെയും അവർ പ്രകീർത്തിച്ചു.

സീറോ മലബാർ സഭയുടെ പൗരാണികത്വത്തെ വിളിച്ചോതുന്ന ശ്ലീവാകളുടെയും കൽക്കുരിശുകളുടെയും കരിങ്കൽ ലിഖിതങ്ങളുടെയും മ്യൂറൽ ചിത്രങ്ങൾ ഉൾപ്പെട്ട പോസ്റ്റർ പ്രദർശനവും ഏവരെയും ആകർഷിച്ചു. സെമിനാറിൽ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഇംഗ്ലീഷ് കമ്യൂണിറ്റി ഇക്കാര്യത്തിലുള്ള തങ്ങളുടെ അതീവ താത്പര്യം പ്രകടിപ്പിച്ചു.

പ്രവാസികളായ പുതുതലമുറകളെ നമ്മുടെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാനും പ്രവാസി സീറോ മലബാർ സഭാംഗങ്ങളെ ഇംഗ്ലീഷ് കത്തോലിക്ക സമൂഹത്തിൽ പ്രതിഷ്ഠിക്കുവാനും സഹായകമായിത്തീർന്ന ഈ ആഘോഷം സീറോ മലബാർ സഭാംഗങ്ങൾക്ക് ഏറെ അഭിമാനം പകർന്നു.

**റിപ്പോർട്ട്: അപ്പച്ചൻ കണ്ണഞ്ചിറ**